⇨ *പല മേഖലകളിലുള്ള കമ്പനികളും അക്കൂട്ടത്തിലുണ്ടായിരുന്നു* ⇨

**പത്ത്** വർഷത്തോളം നീണ്ടുനിന്ന ജനകീയ ചെറുത്തുനിൽപ്പിനെ തുടർന്ന് ദക്ഷിണ കൊറിയൻ ഉരുക്കു നിർമ്മാണ കമ്പനിയായ പോസ്കോ ഒഡീഷയിൽ ആരംഭിക്കാനിരുന്ന വമ്പൻ ഉരുക്കു നിർമ്മാണ കയറ്റുമതി പദ്ധതിയിൽ നിന്നും പിന്മാറാൻ ഒരുങ്ങുകയാണ്. പോസ്കോ പദ്ധതിക്കുവേണ്ടി ഒഡീഷ സർക്കാർ ഏറ്റെടുത്ത ഭൂമി സമരക്കാർ പിടിച്ചെടുത്തതോടെ പിന്മാറാനുള്ള സമ്മർദ്ദം പോസ്കോയ്ക്ക് മേൽ ഏറിയിരിക്കുകയാണ്. വിജയത്തിലേക്കെത്തുന്ന ഒരു സമരത്തിന്റെ ചരിത്രത്തെക്കുറിച്ച് സംസാരിക്കുന്നു പോസ്കോ സമരത്തിന് നേതൃത്വം നൽകുന്ന പോസ്കോ പ്രതിരോധ് സംഗ്രാം സമിതിയുടെ വക്താവ് പ്രശാന്ത് പൈക്കറെ.

# പോസ്കോ കമ്പനിക്ക് പിന്മാറുകയല്ലാതെ മാർഗ്ഗമില്ല

പത്ത് വർഷത്തോളം നീണ്ടുനിന്ന ജനകീയ ചെറുത്തുനിൽപ്പിനെ തുടർന്ന് ദക്ഷിണ കൊറിയൻ ഉരുക്കു നിർമ്മാണ കമ്പനിയായ പോസ്കോ ഒഡീഷയിൽ ആരംഭിക്കാനിരുന്ന വമ്പൻ ഉരുക്കു നിർമ്മാണ കയറ്റുമതി പദ്ധതിയിൽ നിന്നും പിന്മാറാൻ ഒരുങ്ങുകയാണ്. വിജയത്തിലേക്കെത്തുന്ന ഒരു സമരത്തിന്റെ ചരിത്രത്തെക്കുറിച്ച് സംസാരിക്കുന്നു പോസ്കോ സമരത്തിന് നേതൃത്വം നൽകുന്ന പോസ്കോ പ്രതിരോധ് സംഗ്രാം സമിതിയുടെ വക്താവ്

**പ്രശാന്ത് പൈക്കറെ /കേരളീയം**

**പോസ്കോ വിരുദ്ധ സമരത്തിന്റെ തുടക്കം എങ്ങനെയായിരുന്നു? നിലവിൽ എന്താണ് സ്ഥിതി?**

ഒരു ദശാബ്ദക്കാലമായി നീണ്ടുനിൽക്കുന്ന സമരമാണ് പോസ്കോ പദ്ധതിയ്ക്കെതിരായി ഒഡീഷയിലെ ജഗത്സിംഗ്പൂർ ജില്ലയിൽ നടക്കുന്നത്. പോസ്കോ കമ്പനി പോലെയുള്ള വലിയ കോർപ്പറേറ്റുകളുടെ വിഭവ ചൂഷണത്തിനും കുടിയൊഴിപ്പിക്കലിനുമെതിരെ ഒട്ടേറെ സമരങ്ങൾ ഒഡീഷയിൽ നടക്കുന്ന കാലത്താണ് പോസ്കോ വിരുദ്ധ സമരവും ആരംഭിക്കുന്നത്. വിദേശകുത്തകകൾക്ക് തദ്ദേശീയ വിഭവങ്ങൾ തീറെഴുതുന്ന തരത്തിലുള്ള ഉദാരവത്കരണ നയങ്ങളിലേക്ക് ഇന്ത്യ വഴി മാറിയ ശേഷം 92 എം.ഒ.യു (മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ്സ്) കളാണ് നവീൻ പട്നായികിന്റെ സർക്കാർ വിവിധ കോർപ്പറേറ്റുകളുമായി ഒപ്പുവച്ചത്. പല മേഖലകളിലുള്ള കമ്പനികളും അക്കൂട്ടത്തിലുണ്ടായിരുന്നു. ഉരുക്ക് വ്യവസായങ്ങൾ, ഖനന പദ്ധതികൾ, താപോർജ്ജ നിലയങ്ങൾ തുടങ്ങിയ നിരവധി പദ്ധതികൾ. പോസ്കോ കമ്പനി ആ ലിസ്റ്റിൽപ്പെട്ട ഒന്നായിരുന്നു. 2005 ജനുവരി 22ന് ആണ് ദക്ഷിണ കൊറിയൻ കമ്പനിയായ പോസ്കോ (Pohang Iron and Steel Company) യ്ക്ക് ഉരുക്കുഫാക്ടറി സ്ഥാപിക്കുന്നതിനായി ദിൻകിയ, നവ്ഗാവ്, കർലുജപാം തുടങ്ങിയ മൂന്ന് പഞ്ചായത്തിലെ ഗ്രാമങ്ങൾ പിടിച്ചെടുക്കാൻ ഒഡീഷ സർക്കാർ എം.ഒ.യു ഒപ്പുവയ്ക്കുന്നത്. കയറ്റുമതിക്കായുള്ള ഒരു തുറമുഖവും (പാരദ്വീപിൽ) 600 മില്ല്യൺ ടൺ ഇരുമ്പ് കുഴിച്ചെടുക്കാൻ കഴിയുന്ന കിലോമീറ്ററുകൾ അകലെയുള്ള ഖനികളും ഉൾപ്പെടുന്നതാണ് ആകെ പദ്ധതി. എല്ലാം കൂടി 4000 ഏക്കർ പ്രദേശത്ത് നിന്നും 22,000 ആളുകൾ കുടിയൊഴിപ്പിക്കപ്പെടും എന്നാ

*➪ എന്നാൽ 2011 മെയ് 2ന് പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതി ലഭിച്ചു ➪*



ഗ്രാമീണർ പോസ്കോ കമ്പനി ഏറ്റെടുത്ത ഭൂമി തിരിച്ചുപിടിക്കുന്നു

ണ് കണക്കാക്കപ്പെടുന്നത്. ഖനന മേഖലയിലെ ആദിവാസികളും ഉരുക്ക് നിർമ്മാണ പ്ലാന്റ് വരുന്ന പ്രദേശത്തെ കർഷകരും തുറമുഖം വരുന്ന പ്രദേശത്തെ മത്സ്യത്തൊഴിലാളികളും അടക്കം നിരവധി പേർക്ക് എല്ലാ ഉപജീവനമാർഗ്ഗങ്ങളും നഷ്ടമാകും. കൂടാതെ നിരവധി ജനങ്ങൾ ആശ്രയിക്കുന്ന മഹാനദിയിലെ ജലവും വലിയ തോതിൽ പ്ലാന്റിന്റെ നിർമ്മാണത്തിനായി എടുക്കപ്പെടും. ഏതാണ്ട് 12000–15000 കോടി ലിറ്റർ ജലം കട്ടക്കിലെ ജോബ്ര, നരംച് ഭാഗത്ത് കൂടി ഒഴുകുന്ന മഹാനദിയുടെ കൈവഴികളിൽ നിന്നും എടുക്കാനുള്ള അനുമതിയാണ് സർക്കാർ പോസ്കോയ്ക്ക് നൽകിയിട്ടുള്ളത്. കട്ടക്കിലും സമീപത്തുള്ള നാല് ജില്ലകളിലും രൂക്ഷമായ കുടിവെള്ള പ്രശ്നവും കാർഷിക ജല പ്രതിസന്ധിയും ഉളവാക്കുന്നതാണ് ഈ അനുമതി.

എം.ഒ.യുവിലെ വിശദാംശങ്ങൾ അറിഞ്ഞയുടൻ തന്നെ പദ്ധതി വരാൻ പോകുന്ന മൂന്ന് പഞ്ചായത്തുകളിലെ 11 റവന്യൂ ജില്ലകളിൽ നിന്നും ജനങ്ങൾ എതിർപ്പുമായി രംഗത്തുവന്നു. ഒഡീഷയുടെ പല ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്ന ഇത്തരം പ്രതിരോധങ്ങളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായാണ് പോസ്കോ പ്രതിരോധ് സംഗ്രാം സമിതി (PPSS) രൂപീകരിക്കപ്പെടുന്നത്. സമിതിയുടെ ആഭിമുഖ്യത്തിൽ വലിയ സമരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ഒഡീഷയുടെ തലസ്ഥാനമായ ഭുവനേശ്വരിൽ വലിയ റാലികൾ നടത്തി. പദ്ധതി പ്രദേശങ്ങളിലെല്ലാം പലവിധ സമരരൂപങ്ങളിൽ പ്രതിരോധങ്ങൾ തുടർക്കഥയായി. എതിർപ്പുകൾ ശക്തമായതോടെ പോസ്കോ പദ്ധതിയെ പിന്തുണയ്ക്കുന്നവരുടെ ഒരു ഗ്രൂപ്പ് ഭരണകക്ഷിയായ ബിജു ജനതാദളിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടു. അവരും പോസ്കോ പ്രതിരോധ് സംഗ്രാം സമിതിയും തമ്മിൽ പലയിടത്തും സംഘർഷങ്ങളുണ്ടായി. പോസ്കോ വിരുദ്ധ സമരത്തെ അടിച്ചമർത്തുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ഒരു ഗുണ്ടാ സംഘമായിരുന്നു അത്. പി.പി.എസ്.എസ്സിന്റെ ഒരു പ്രവർത്തകൻ ഗുണ്ടാ ആക്രമണത്തിൽ കൊല്ലപ്പെടുക പോലുമുണ്ടായി. പോലീസും സമരത്തെ സർവ്വശക്തിയുമുപയോഗിച്ച് അടിച്ചമർത്താൻ ശ്രമിച്ചു. പോസ്കോ വിരുദ്ധ സമരത്തിന്റെ മുൻനിര നേതാവ് അഭയ് സാഹു അടക്കമുള്ളവരെ കള്ളക്കേസിൽ കുടുക്കി ജയിലിലിലടച്ചു. അതോടെ ദേശീയ ശ്രദ്ധയിലേക്ക് വിഷയമെത്തുകയും ഇന്ത്യയുടെ പല ഭാഗത്ത് നിന്നുമുള്ള പിന്തുണ പോസ്കോ സമരത്തിന് ലഭിക്കുകയും ചെയ്തു. അഭയ് സാഹുവിന്റെ അറസ്റ്റിൽ പ്രതിഷേധിച്ച് 2008 നവംബറിൽ ദില്ലി പാർലമെന്റ് സ്ട്രീറ്റിൽ വലിയ മാർച്ച് സംഘടിപ്പിക്കപ്പെട്ടു. പോലീസോ പോസ്കോ ഉദ്യോഗസ്ഥരോ പദ്ധതി പ്രദേശത്തേക്ക് പ്രവേശിക്കാത്ത വിധത്തിൽ ജനങ്ങൾ ഈ മൂന്ന് പഞ്ചായത്തുകളിലേക്കുമുള്ള

പ്രവേശന വഴിയിൽ വലിയ വേലി തീർത്തു. 2010 മെയ് മാസത്തിൽ പോലീസ് വളരെ നിഷ്ഠൂരമായ രീതിയിൽ ഇടപെട്ടുകൊണ്ട് ഈ വേലിക്കെട്ടുകൾ തകർത്തു. റബ്ബർ ബുള്ളറ്റ് പ്രയോഗത്തിലും ലാത്തിച്ചാർജ്ജിലും കണ്ണീർ വാതക പ്രയോഗത്തിലും നിരവധി പേർക്ക് അന്ന് പരിക്കേറ്റു. തുടർച്ചയായ പ്രക്ഷോഭങ്ങൾ വിഷയം ദേശീയ ശ്രദ്ധയിലേക്ക് കൊണ്ടുവന്നതോടെ ഒരു അന്തിമ തീരുമാനമുണ്ടാകുന്നതുവരെ പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ താത്കാലികമായി നിർത്തിവയ്ക്കാൻ 2010 ആഗസ്റ്റിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സംസ്ഥാന സർക്കാറിനോട് ആവശ്യപ്പെട്ടു.

എന്നാൽ 2011 മെയ് 2ന് പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതി ലഭിച്ചു. അതോടെ സംസ്ഥാന സർക്കാർ പദ്ധതിക്കായുള്ള സ്ഥലമേറ്റെടുപ്പ് വീണ്ടും ഊർജ്ജിതമാക്കി. സ്ഥലമേറ്റെടുക്കാൻ ഉദ്ദേശിച്ചിരുന്ന പൊലാങ്ങ്, ഭുയാൻപാൽ തുടങ്ങിയ വില്ലേജുകളിലെ ജനങ്ങൾ ഏറെയും വെറ്റില കർഷകരായിരുന്നു. ഇന്ത്യയിൽ തന്നെ വെറ്റില കൃഷി ചെയ്യുന്ന ഒരു പ്രധാന മേഖലയാണ് ഈ പ്രദേശം. വെറ്റില കർഷകർ ജീവൻകൊടുത്തും പദ്ധതി തടയുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് സമരരംഗത്തെത്തി. സായുധ പോലീസ് സന്നാഹങ്ങളെക്കൊണ്ടായിരുന്നു സർക്കാർ ഈ പ്രതിരോധത്തെ നേരിട്ടത്. പി.പി.എസ്.എസ് വൈസ് പ്രസിഡന്റും പഞ്ചായത്ത് മെമ്പറുമായ ബാസു ബെഹറ അടക്കമുള്ള ഒട്ടേറ പ്രവർത്തകർക്ക് പോലീസ് ലാത്തിച്ചാർജ്ജിൽ ഗുരുതരമായി പരിക്കേറ്റു. അങ്ങനെയാണ് അവിടെ സ്ഥലമേറ്റെടുക്കാൻ കഴിഞ്ഞത്. ഇതേരീതി മറ്റു സ്ഥലങ്ങളിലും ആവർത്തിക്കാൻ സർക്കാർ ശ്രമിച്ചു. എന്നാൽ പി.പി.എസ്.എസ്സിന് ശക്തമായ ജനപിന്തുണയുള്ള ദിൻകിയ പഞ്ചായത്തിലെല്ലാം ജനരോഷത്തിന് മുന്നിൽ പോലീസ് സേന മുട്ടുമടക്കി. അയ്യായിരത്തോളം വരുന്ന ജനസന്നാഹമാണ് പോലീസ് കടന്നുകയറ്റത്തെ പ്രതിരോധിച്ചുകൊണ്ട് അവിടെ അണിനിരന്നത്. അറുന്നൂറോളം കുട്ടികളും മതിലുപോലെ ചുട്ടുപൊള്ളുന്ന മണ്ണിൽ കിടന്നുകൊണ്ട് പോലീസിന് തടസ്സം തീർത്തു. പ്രദേശത്ത് നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടും ജനക്കൂട്ടം പിന്തിരിഞ്ഞുപോകാൻ തയ്യാറായില്ല. കുട്ടികളെ സമരത്തിനായി ഉപയോഗിക്കുകയാണെന്ന് എതിർകക്ഷികൾ കുറ്റപ്പെടുത്തി. എന്നാൽ കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള ദേശീയ കമ്മീഷൻ അംഗങ്ങൾ സംഭവസ്ഥലത്ത് എത്തുകയും പോലീസ് പിൻവലിയാൻ ആവശ്യപ്പെടുകയുമാണ് ചെയ്തത്. അതെല്ലാം സർക്കാറിന് വലിയ തിരിച്ചടിയായി. സമരത്തെ ആദ്യം അവഗണിച്ച മാദ്ധ്യമങ്ങൾക്കടക്കം ഈ പ്രശ്നം വലിയ പ്രാധാന്യത്തോടെ കൊടുക്കേണ്ടിവന്നു. കുട്ടികളുടെ നേതൃത്വത്തിൽ നടന്ന സമരത്തിന് ദേശീയ-അന്തർദേശീയ ശ്രദ്ധ ലഭിച്ചു. അതോടെയാണ് സംഭവസ്ഥലത്ത് നിന്നും പോലീസ് പിന്മാറാൻ തുടങ്ങിയത്. എന്നിട്ടും പദ്ധതി ഉപേക്ഷിക്കുന്നതിനുള്ള ആലോചനയൊന്നും ഒഡീഷ സർക്കാറിനുണ്ടായിരുന്നില്ല. എന്നാൽ സമരത്തിൽ ഞങ്ങൾ ഉറച്ചു നിന്നതോടെ പോസ്കോ ഇപ്പോൾ ഒഡീഷയിൽ നിന്നും പിന്മാറുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. ഭൂമിയേറ്റെടുക്കൽ ബില്ലിനെതിരായി ഇന്ത്യയിലെമ്പാടും നടന്ന പ്രക്ഷോഭങ്ങളുടെ ഭാഗമായി പോസ്കോ കമ്പനിക്ക് വേണ്ടി സർക്കാർ ഏറ്റെടുത്ത ഭൂമി തിരിച്ചുപിടിക്കാൻ സമരപ്രവർത്തകർ തീരുമാനിച്ചിരിക്കുകയാണ്. പോസ്കോയുടെ ഭൂമിയിൽ പ്രവേശിച്ചുകൊണ്ടുള്ള സമരമായി ഞങ്ങളുടെ സമരം മാറുന്നതോടെ പോസ്കോ കമ്പനിക്ക് മറ്റ് വഴികളില്ലാതെ വരുകയും അവർ പിന്മാറുകയും ചെയ്യുമെന്നാണ് കരുതുന്നത്.

**ഭരണസംവിധാനങ്ങളെല്ലാം എതിരായിരുന്നിട്ടും ജനങ്ങൾ സമരത്തിൽ ഉറച്ചു നിന്നതാണ് പോസ്കോ വിരുദ്ധ സമരം വിജയത്തിലേക്ക് എത്തുന്നതിനുള്ള കാരണമായി മാറിയത് എന്നാണ് താങ്കൾ സൂചിപ്പിക്കുന്നത്. കേന്ദ്ര- സംസ്ഥാന സർക്കാറുകൾക്ക് വലിയ താത്പര്യമുണ്ടായിരുന്ന, ഇത്ര ബൃഹത്തായ ഒരു പദ്ധതിക്കെതിരായി ഗ്രാമീണ കർഷകർ നടത്തിയ അതിജീവന പോരാട്ടത്തിന് എങ്ങനെയാണ് ഇത്രയും പിടിച്ചു നിൽക്കാൻ കഴിഞ്ഞത്?**

പദ്ധതി യാഥാർത്ഥ്യമായാൽ തങ്ങൾ തീർത്തും നിരാലംബരായിത്തീരും എന്നു മനസ്സിലാക്കിയ ഒരു ജനതയുടെ നിശ്ചയദാർഢ്യമാണ് സമരത്തിന്റെ വിജയമായിത്തീർന്നത്. ഉരുക്കുനിർമ്മാണശാല വരുന്നതുകൊണ്ട് തൊഴിൽ ലഭിക്കില്ലെന്ന് അവർക്ക് അറിയാമായിരുന്നു. മാത്രമല്ല, ഭൂമിയേറ്റെടുക്കുന്നതോടെ പരമ്പരാഗതമായി കൃഷി ചെയ്യുന്ന സ്ഥലങ്ങൾ നഷ്ടമാവുകയും തീർത്തും തൊഴിൽ രഹിതരായി മാറുകയും ചെയ്യുമെന്ന് കർഷകർക്കും കർഷക തൊഴിലാളികൾക്കും ബോധ്യമായി. മാന്യമായ പുനരധിവാസം ലഭിക്കാൻ പോകുന്നില്ലെന്നും ഒഡീഷയുടെ ചരിത്രത്തിൽ നിന്നും അവർക്കുറപ്പുണ്ടായിരുന്നു. പിന്നെ സമരത്തിൽ ഉറച്ചുനിൽക്കുക എന്നതു മാത്രമായിരുന്നു ജീവിതം തുടരാൻ അവർക്ക് മുന്നിലു

ള്ള ഉപാധി. ജനാധിപത്യ മാർഗ്ഗങ്ങളിൽ തന്നെ സമരം ചെയ്യുന്നതിനാണ് പോസ്കോ പ്രതിരോധ് സംഗ്രാം സമിതി തീരുമാനിച്ചിരുന്നത്. സഹിഷ്ണുതയോടെ എല്ലാവരും അതിൽ ഉറച്ചുനിന്നു. ഒരുപാട് പ്രകോപനങ്ങളും അക്രമങ്ങളും പോലീസിന്റെയും ഗുണ്ടകളുടെയും ഭാഗത്ത് നിന്നുമുണ്ടായി. നിരവധി പേർ കള്ളക്കേസുകളിൽ കുടക്കപ്പെട്ട് ജയിലിലായി. 2008ൽ ഗോവിന്ദ്പൂരിൽ വച്ച് നടന്ന പോലീസ് വെടിവയ്പ്പിൽ ഒരു സമരപ്രവർത്തകൻ കൊല്ലപ്പെട്ടിരുന്നു. ഗുണ്ടകൾക്കെതിരെ പരാതി നൽകിയാൽ പരാതിക്കാർക്കെതിരെ പോലീസ് കേസെടുക്കും എന്നതായിരുന്നു സ്ഥിതി. യുണൈറ്റഡ് ആക്ഷൻ കമ്മിറ്റി എന്ന പേരിൽ പോസ്കോ കമ്പനിയെ അനുകൂലിക്കുന്നവരുടെ ഒരു സംഘം പ്രവർത്തിക്കുന്നുണ്ട്. കമ്പനി തന്നെ പണം കൊടുത്ത് തട്ടിക്കൂട്ടിയ ഒരു ഗുണ്ടാ സംഘമാണത്. അവരും പോലീസും ഒത്തുചേർന്നുകൊണ്ടാണ് പോസ്കോ വിരുദ്ധ സമരത്തെ അടിച്ചമർത്താൻ ശ്രമിച്ചത്.

ജനാധിപത്യ മാർഗ്ഗങ്ങളിൽ തന്നെ സമരം ചെയ്യുന്നതിനാണ് പോസ്കോ പ്രതിരോധ് സംഗ്രാം സമിതി തീരുമാനിച്ചിരുന്നത്. സഹിഷ്ണുതയോടെ എല്ലാവരും അതിൽ ഉറച്ചുനിന്നു. ഒരുപാട് പ്രകോപനങ്ങളും അക്രമങ്ങളും പോലീസിന്റെയും ഗുണ്ടകളുടെയും ഭാഗത്ത് നിന്നുമുണ്ടായി. നിരവധിപേർ കള്ളക്കേസുകളിൽ കുടക്കപ്പെട്ട് ജയിലിലായി. 2008ൽ ഗോവിന്ദ്പൂരിൽ വച്ച് നടന്ന പോലീസ് വെടിവയ്പ്പിൽ ഒരു സമരപ്രവർത്തകൻ കൊല്ലപ്പെട്ടിരുന്നു. ഗുണ്ടകൾക്കെതിരെ പരാതി നൽകിയാൽ പരാതിക്കാർക്കെതിരെ പോലീസ് കേസെടുക്കും എന്നതായിരുന്നു സ്ഥിതി.

2013 മാർച്ച് രണ്ടിന് സ്ഥലമെടുപ്പിനെതിരെ സമരം നയിക്കുകയായിരുന്ന മൂന്നു ഗ്രാമീണരെ ഒരു സംഘം ഗുണ്ടകൾ ബോംബെറിഞ്ഞുകൊന്നു. സമരനേതാവ് അഭയ് സാഹുവിനെ വകവരുത്തുക എന്നതായിരുന്നു ആക്രമണത്തിന്റെ ലക്ഷ്യം. അന്ന് അവരുടെ കണക്കുകൂട്ടലുകൾ പിഴച്ചതുകൊണ്ടു മാത്രമാണ് അദ്ദേഹം ഇപ്പോഴും ജീവിച്ചിരിക്കുന്നത്. അതുപോലെ ജനങ്ങൾ മനുഷ്യമതിൽ തീർത്തുകൊണ്ട് ദിവസങ്ങളോളം സമരം ചെയ്ത സമയത്ത് ഇതേ ഗുണ്ടകൾ അവരുടെ വീടുകളാക്രമിക്കുകയും വസ്തുവകകൾ കൊള്ളയടിക്കുകയും ചെയ്തു. ഇത്രയേറെ കഠിനമായ സാഹചര്യങ്ങളിലൂടെ കടന്നുപോയിട്ടും ഗ്രാമീണർ ക്ഷമയോടെ, സമാധാനപൂർവ്വം സമരം തുടർന്നതിന്റെ പ്രതിഫലനമാണ് ഇപ്പോൾ ഇരുമ്പുരുക്ക് ഭീമന് ക്ഷീണമായിത്തീർന്നിരിക്കുന്നത്. ബഹുരാഷ്ട്ര കുത്തകയ്ക്ക് ലാഭമുണ്ടാക്കുന്നതിനായി ഞങ്ങൾ പരമ്പരാഗതമായി കൃഷി ചെയ്യുന്ന ഭൂമി വിട്ടുതരില്ല എന്ന ഗ്രാമീണജനതയുടെ ഉറച്ച തീരുമാനം കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഇന്ത്യ കണ്ട എറ്റവും ശക്തമായ കോർപ്പറേറ്റ് വിരുദ്ധ സമരമായി മാറുകയായിരുന്നു. സമരരീതികളെല്ലാം പോസ്കോ പ്രതിരോധ് സംഗ്രാം സമിതി ചർച്ച ചെയ്താണ് തീരുമാനിച്ചിരുന്നത്. പോസ്കോ കമ്പനിക്കാരും സർക്കാർ അധികൃതരും ഇവിടേക്ക് പ്രവേശിക്കുന്നത് അക്രമരഹിത മാർഗ്ഗങ്ങളിലൂടെ തടയുക എന്നതായിരുന്നു പ്രധാന സമരമാർഗ്ഗം. അതുപോലെ ഒഡീഷയിലുടനീളം വലിയ റാലികളും പ്രകടനങ്ങളും നടത്തുകയുണ്ടായി. എല്ലാ സമരങ്ങൾക്കും വലിയ രീതിയിൽ ജനപങ്കാളിത്തമുണ്ടായിരുന്നു.

**വികസന പദ്ധതിക്ക് എതിരു നിൽക്കുക എന്നത് ഒരു കുറ്റകരമായ പ്രവർത്തിയായാണ് കേരളത്തിന്റെ പൊതുബോധം ഇപ്പോഴും പരിഗണിക്കുന്നത്. 'വികസന വിരോധികളും', 'ദേശവിരുദ്ധരും' ആയി സമരപ്രവർത്തകർ മുദ്രകുത്തപ്പെടാറുണ്ട്. എന്തായിരുന്നു ഒരു വലിയ വികസന പദ്ധതിയെ എതിർത്തപ്പോഴുള്ള ഒഡീഷയിലെ അനുഭവം?**

വികസനത്തെക്കുറിച്ച് കേരളത്തിൽ നിലനിൽക്കുന്നതുപോലെയുള്ള ഒരു പൊതുബോധം ഒഡീഷയിലില്ല. രണ്ട് സ്ഥലത്തേയും സാമൂഹിക സാഹചര്യങ്ങളും വ്യത്യസ്തമാണല്ലോ. പോസ്കോ പദ്ധതി വരാനിരുന്നത് ഒഡീഷയിലെ വളരെ അഭിവൃദ്ധിയുള്ള കാർഷിക മേഖലയിലാണ്. അന്നാട്ടുകാരെ സംബന്ധിച്ച് കൃഷി നിലനില്ക്കുക എന്നതുതന്നെയാണ് വികസനം. കാരണം അവരുടെ ജീവിതാവശ്യങ്ങൾ കൃഷിയിലൂടെയും മത്സ്യബന്ധനത്തിലൂടെയും മറ്റും പൂർത്തീകരിക്കപ്പെടുന്നുണ്ട്. പോസ്കോ കമ്പനി വരുന്നതുകൊണ്ടുണ്ടാകുന്ന ഒരു സാമ്പത്തിക വളർച്ച തങ്ങളുടെ ജീവിതം മെച്ചപ്പെടുത്തില്ല എന്ന് അവർക്ക് വേഗം മനസ്സിലായി. മാത്രമല്ല, ഉള്ളതുകൂടി നഷ്ടമാകുമെന്നും ബോധ്യപ്പെട്ടു. വെറ്റില കൃഷിയാണ് ഇവിടെ മുഖ്യമെന്ന് പറഞ്ഞല്ലോ. ഒരേക്കർ വെറ്റില ഫാമിൽ നിന്നും ഒന്നര-രണ്ട് ലക്ഷം രൂപ വരെ ഒരു വർഷം ലാഭം കിട്ടും. മുടക്കുമുതൽ

⇨ *ഡിങ്കിയയിലെ ഗ്രാമസഭയുടെ തീരുമാനത്തെ അട്ടിമറിക്കുന്നതിനും സർക്കാർ ശ്രമിച്ചു* ⇨



പ്രശാന്ത് പൈക്കറൈ

വച്ചു നോക്കിയാൽ ഇത് വലിയ ലാഭമാണ്. ഗോബിന്ദ്പുർ, ഡിൻകിയ പ്രദേശങ്ങളിലെ സമ്പന്നതയ്ക്കു കാരണം വെറ്റില കൃഷിയാണ്. ലോകപ്രസിദ്ധമായ ബനാറസ് പാൻ ഇവിടങ്ങളിലെ തോട്ടങ്ങളിൽ നിന്നുമാണ് പോകുന്നത്. പോസ്കോ പദ്ധതി പ്രദേശത്തു രണ്ടായിരത്തി അഞ്ഞൂറിന് മുകളിൽ വെറ്റില തോട്ടങ്ങൾ ഉണ്ട്. ഗോബിന്ദ്പുർ, ഡിൻകിയ ഗ്രാമങ്ങളിൽ മാത്രം ആയിരത്തിനു മുകളിൽ വരും. അതെല്ലാം നഷ്ടപ്പെടുത്തി, സർക്കാർ നൽകുന്ന തുച്ഛമായ നഷ്ടപരിഹാരത്തുകയും വാങ്ങി നാടുവിട്ടുപോകാൻ കർഷകർ തയ്യാറായിരുന്നില്ല. വികസനത്തിന്റെ പേരു പറഞ്ഞ് ഈ ഗ്രാമീണരെ കബളിപ്പിക്കാൻ കഴിയാത്തതിന് മറ്റൊരു കാരണം കൂടിയുണ്ട്. അടിസ്ഥാന വികസന ദൗത്യങ്ങൾ പോലും ഈ ഗ്രാമങ്ങളിൽ സർക്കാർ പൂർത്തീകരിച്ചിട്ടില്ല എന്നതാണത്. പൊതുഗതാഗത സംവിധാനത്തിന് ആവശ്യമായ റോഡുകൾ ഡിങ്കിയ പഞ്ചായത്തിൽ വിരളമാണ്. അതുകൊണ്ടുതന്നെ വാഹന സൗകര്യവും കുറവാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സ്കൂളുകളുമെല്ലാം ഏറെ അകലെയാണുള്ളത്. സർക്കാർ സംവിധാനങ്ങൾ പ്രാഥമിക വികസനദൗത്യങ്ങൾ പോലും നിർവഹിക്കാത്ത ഒരു സ്ഥലത്തെ ജനങ്ങളോട് പോസ്കോ കമ്പനി വലിയ വികസനം കൊണ്ടുവരുമെന്ന് പറയാൻ കഴിയില്ല. ആ വികസനം അവർക്ക് മനസ്സിലാകില്ല. മനുഷ്യാധ്വാനം കൊണ്ടുണ്ടാക്കിയ പച്ചപ്പാണ് അവരുടെ കൺമുന്നിലെ, അവർക്ക് പങ്കാളിത്തമുള്ള വികസനം. അതു നഷ്ടപ്പെടുത്താൻ അവർ തയ്യാറാകില്ല എന്നതാണ് യാഥാർത്ഥ്യം. പദ്ധതിക്ക് വേണ്ടി തുറമുഖം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാരദ്വീപിലെ സ്ഥിതിയും ഇതുതന്നെയാണ്. മത്സ്യസമ്പത്തിന് പേരുകേട്ട പ്രദേശമാണ് പാരദ്വീപ്. വികസനത്തിന്റെ പേരിൽ ആ സമൃദ്ധി നഷ്ടപ്പെടുത്താൻ അവിടെയുണ്ടായിരുന്ന ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ തയ്യാറായിരുന്നില്ല എന്നതും പോസ്കോയ്ക്ക് തിരിച്ചടിയായി.

**ഖനനത്തിനായി പോസ്കോ കമ്പനിക്ക് ലൈസൻസ് ലഭിച്ച പ്രദേശത്ത് നിന്നും നിരവധി ആദിവാസി വിഭാഗങ്ങൾ കുടിയൊഴിപ്പിക്കപ്പെടുമെന്ന് വാർത്തകളുണ്ടായിരുന്നു. എന്താണ് ആ സ്ഥലത്തെ സ്ഥിതി? വനാവകാശ നിയമ പ്രകാരമുള്ള അവകാശങ്ങൾക്ക് അർഹരല്ലേ അവർ?**

അതെ. പോസ്കോയ്ക്ക് ഖനനാനുമതി ലഭിച്ചത് സുന്ദർഖർ ജില്ലയിലെ ഖാന്ധദാർ പ്രദേശത്തുള്ള വനഭൂമിയിലാണ്. ജൈവ വൈവിദ്ധ്യ സമ്പന്നമായ 2500 ഹെക്ടർ വന പ്രദേശമാണ് ഖനനത്തിനായി പോസ്കോയ്ക്ക് എഴുതി നൽകിയത്. കാട്ടിൽ നിന്നുള്ള വിഭവങ്ങൾകൊണ്ട് കഴിയുന്ന പൂർണ്ണമായും വനാശ്രിതരായ ആദിവാസി സമൂഹങ്ങളാണ് ഇവിടെ ജീവിക്കുന്നത്.  ഇവർ ശുദ്ധജലത്തിനായി ആശ്രയിക്കുന്ന പുഴകളും ഖനന ലൈസൻസ് കിട്ടിയ പ്രദേശത്തുകൂടെയാണ് ഒഴുകുന്നത്. വനാവകാശ നിയമപ്രകാരമുള്ള അവകാശങ്ങൾ അട്ടിമറിച്ചുകൊണ്ട് ഇവരെ കുടിയൊഴിപ്പിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തിയത്. എന്നാൽ പോസ്കോ പ്രതിരോധ് സംഗ്രാം സമിതിയുടെ സമയോചിതമായ ഇടപെടൽ അക്കാര്യത്തിലുണ്ടായതോടെയാണ് കുടിയൊഴിപ്പിക്കൽ തടയപ്പെട്ടത്. കേന്ദ്ര സർക്കാർ നിയോഗിച്ച എൻ.സി സക്സേന കമ്മിറ്റി പോസ്കോ ഖനനത്തിനായുള്ള ഭൂമിയേറ്റെടുക്കൽ വനവകാശ നിയമം ലംഘിച്ചതായി 2010 ജൂലൈയിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ ആ റിപ്പോർട്ട് അംഗീകരിക്കാൻ തയ്യാറാവാതിരുന്ന അന്നത്തെ മൻമോഹൻ സർക്കാർ മീനഗുപ്തയുടെ നേതൃത്വത്തിൽ മറ്റൊരു കമ്മിറ്റിയ്ക്ക് രൂപം നൽകി. ആ കമ്മറ്റിക്കുള്ളിൽ തന്നെ ഇക്കാര്യത്തിൽ അഭിപ്രായ ഭിന്നതയുണ്ടായിരുന്നു. രണ്ട് റിപ്പോർട്ടുകളാണ് അവർ സർക്കാറിന് സമർപ്പിച്ചത്. എന്നാൽ ഈ രണ്ട് റിപ്പോർട്ടുകളും വനാവകാശ നിയമത്തിന്റെ നടപ്പിലാക്കലിന് സുതാര്യവും ജനാധിപത്യപരവുമായ ഇടപെടൽ ഒഡീഷ സർക്കാറിന്റെ പക്ഷത്ത് നിന്നുമുണ്ടാകണമെന്ന് പറയുന്നുണ്ട്. പദ്ധതി ഈ പ്രദേശത്ത് വേണ്ടെന്ന് തീരുമാനിച്ച ഡിങ്കിയയിലെ ഗ്രാമസഭയുടെ തീരുമാനത്തെ അട്ടിമറിക്കുന്നതിനും സർക്കാർ ശ്രമിച്ചു. ഗ്രാമസഭാ തീരുമാനത്തിന്റെ പേരിൽ ഡിങ്കിയാ പഞ്ചായത്തിലെ സർപ്പഞ്ചായിരുന്ന സിശിർ മഹാപത്രയെ (പോസ്കോ പ്രതിരോധ സമിതി സെക്രട്ടറി) സർക്കാർ അയോഗ്യനാക്കി. ഡിങ്കിയയിലെ വനഭൂമി സർക്കാർ ഏറ്റെടുക്കുന്നത് തടയാൻ അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ ചേർന്ന ഗ്രാമസഭ ഐക്യകണ്ഠേന തീരുമാനിച്ചിരുന്നു. ഗ്രാമസഭ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയ പരാതി അനുസരിച്ച് ഭൂമിയേറ്റെടുക്കൽ റദ്ദാക്കാൻ അന്നത്തെ കേന്ദ്ര പരിസ്ഥിതി വനം മന്ത്രി ജയറാം രമേശ് ഉത്തരവിടുക

യുണ്ടായി. ഗ്രാമസഭ പരിസ്ഥിതി മന്ത്രാലയത്തെ തെറ്റിദ്ധരിപ്പിച്ചു എന്നാരോപിച്ച് സർപ്പാഞ്ചിനെ പിരിച്ചുവിടുകയാണ് സർക്കാർ ചെയ്തത്. ഒഡീഷ മുഴുവൻ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഡിങ്കിയയിൽ തെരഞ്ഞെടുപ്പ് നടത്തുന്നില്ലെന്ന് സർക്കാരും ഇലക്ഷൻ കമ്മീഷനും ചേർന്ന് തീരുമാനിച്ചു. സർക്കാറിന്റെ ഈ നടപടി ഇന്ത്യൻ ഭരണഘടനയുടെ നഗ്നമായ ലംഘനമാണെന്ന് അരുണാറോയ് അടക്കമുള്ള വിദഗ്ധർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വനാവകാശ നിയമത്തിൽ പറയുന്ന, ആദിവാസി ഇതരരും 75 വർഷത്തിൽ അധികമായി വനത്തിൽ താമസിക്കുന്നതുമായവരുടെ അവകാശങ്ങളും ഇവിടെ ലംഘിക്കപ്പെട്ടിട്ടുണ്ട്.

**ഒഡീഷയെപ്പോലെ കാർഷിക സമ്പന്നമായ ഒരു പ്രദേശത്ത് എന്തുകൊണ്ടാണ് ഇത്തരത്തിൽ കർഷകരെ കുടിയൊഴിപ്പിക്കുന്ന തരത്തിലുള്ള വികസന പദ്ധതികൾ വരുന്നത്? കാർഷിക സമൃദ്ധി നിലനിർത്തുന്ന തരത്തിലുള്ള ഒരു വികസന സമീപനമല്ലേ അവിടെ യുണ്ടാകേണ്ടത്?**

തീർച്ചയായും അങ്ങനെതന്നെയാണ് വേണ്ടത്. എന്നാൽ ഉദാരവത്കരണ നയങ്ങൾക്ക് ശേഷം ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന കോർപ്പറേറ്റ് വികസന നയത്തിന് ഇരകളായിത്തീർന്നുകൊണ്ടിരിക്കുന്ന ഒരു പ്രധാന സംസ്ഥാനമാണ് ഒഡീഷ. അതിന് പ്രധാന കാരണം ഒഡീഷയിലെ ധാതുസമ്പത്താണ്. ഈ ധാതുസമ്പന്നമായ മേഖല ബഹുരാഷ്ട്ര കമ്പനികൾക്ക് തുറന്നുകൊടുക്കുന്ന നയമാണ് തൊണ്ണൂറുകൾക്ക് ശേഷം ഇന്ത്യയിൽ നടപ്പിലാക്കപ്പെട്ടത്. കാലങ്ങളായി ഇവിടെ ഭരിക്കുന്ന നവീൻ പട്നായ്കിന്റെ സർക്കാറെല്ലാം അന്ധമായി കേന്ദ്രത്തിന്റെ ഉദാരവത്കരണ നയങ്ങൾ പിന്തുടർന്നതോടെ ഒഡീഷയിലെ മണ്ണിലേക്ക് കോർപ്പറേറ്റുകൾ ഒഴുകിയെത്തി. ഞാൻ മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ, ചുരുങ്ങിയ കാലത്തിനുള്ളിൽ 92 എം.ഒ.യു ആണ് ഒഡീഷ സർക്കാർ വിവിധ കോർപ്പറേറ്റ് കമ്പനികളുമായി ഒപ്പുവച്ചിരുന്നത്. അതിൽ ഏറ്റവും വലിയ പദ്ധതിയായിരുന്നു പോസ്കോ. വിപണിയുടെ തുറക്കലിന് ശേഷം ഇന്ത്യയിലേക്കെത്തുന്ന ഏറ്റവും വലിയ വിദേശ നിക്ഷേപ പദ്ധതി (12 ബില്യൺ യു.എസ് ഡോളർ നിക്ഷേപം). അന്നത്തെ പ്രധാനമന്ത്രിയായിരുന്ന മൻമോഹൻ സിംഗ് അതുകൊണ്ടുതന്നെ വലിയ താത്പര്യമെടുത്തിരുന്ന പദ്ധതിയാണിത്. യു.പി.എ വിരുദ്ധ ചേരിയിലുള്ള നവീൻ പട്നായ്കിന്റെ പാർട്ടിക്കും പോസ്കോയോട് വ്യത്യസ്തമായ സമീപനമൊന്നുമുണ്ടായിരുന്നില്ല. ഇവരുടെയെല്ലാം അകമഴിഞ്ഞ സഹായമുണ്ടായിരുന്നതുകൊണ്ട് പാരിസ്ഥിതികാനുമതിയും തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയുമെല്ലാം പദ്ധതിക്ക് വേഗത്തിൽ ലഭിച്ചു. 600 മില്യൻ ടൺ ഇരുമ്പയിര് കാപ്റ്റീവ് മൈനിന്റെ (ആ ഖനിയിൽനിന്ന് എടുക്കുന്ന ഇരുമ്പയിര് പോസ്കോ കമ്പനിക്കുതന്നെ ഉപയോഗിക്കാം) രൂപത്തിൽ അവർക്ക് ഒഡീഷ സർക്കാർ അനുവദിച്ചുകൊടുത്തു. 400 മില്യൻ ടൺ ഇരുമ്പയിര് വേറെയും നീക്കിവച്ചിട്ടുണ്ട്. പ്രത്യേക സാമ്പത്തികമേഖലയായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അതിന്റെ ഇളവുകൾ വേറെയും. ഈ പദ്ധതികൊണ്ട് സർക്കാറിന് ഫലത്തിൽ ഒന്നും കിട്ടാൻ പോകുന്നില്ല. പിന്നെ നിയമപരമല്ലാത്ത രീതിയിൽ പലതും കിട്ടും. കിട്ടിയിട്ടുണ്ട്. അഴിമതിയാണ് വികസനം എന്താകണം എന്ന് ഇപ്പോൾ ഇന്ത്യയിൽ തീരുമാനിക്കുന്നത്. ഒഡീഷയുടേത് അതിൽ ഒന്നുമാത്രം.

**താങ്കൾ എങ്ങനെയാണ് പോസ്കോ പ്രതിരോധ് സംഗ്രാം സമിതിയുടെ പ്രവർത്തനങ്ങളിൽ സജീവമാകുന്നത്?**

ഞാൻ രണ്ട് ദശാബ്ദങ്ങളായി ജഗത്സിംഗ്പൂർ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ സാമൂഹികപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളാണ്. ഒഡീഷയിൽ തന്നെയുള്ള മറ്റ് പല ജനകീയ സമരങ്ങളിലും പങ്കാളിയാവുകയും ചെയ്തിട്ടുണ്ട്. അങ്ങനെയാണ് 2005ൽ പോസ്കോയ്ക്കെതിരായ പ്രക്ഷോഭം ആരംഭിക്കുമ്പോൾ ഗ്രാമീണർ എന്നെ അവിടേയ്ക്ക് വിളിക്കുന്നത്. പിന്നീടാണ് പോസ്കോ പ്രതിരോധ് സംഗ്രാം സമിതി (പി.പി.എസ്.എസ്) എന്ന ഗ്രൂപ്പ് രൂപീകരിക്കപ്പെടുന്നതും എന്നെ അതിന്റെ വക്താവായി നിയോഗിക്കുന്നതും. ഒരുപാട് രാഷ്ട്രീയ പാർട്ടികൾ പി.പി.എസ്.എസ്സിൽ അംഗങ്ങളായുണ്ടെങ്കിലും സി.പി.ഐയാണ് സമരത്തിന് മുഖ്യ പിന്തുണ നൽകുന്നത്. പോസ്കോ പ്രതിരോധ് സംഗ്രാം സമിതി എനിക്ക് ഏറെ അനുഭവങ്ങൾ പകർന്നുതന്ന ഒരു സമര ഗ്രൂപ്പാണ്. പോസ്കോ സമരത്തിൽ സജീവമായിരിക്കുമ്പോൾ തന്നെ ഒഡീഷയുടെയും മധ്യേന്ത്യയുടെയും പല ഭാഗങ്ങളിലും നടക്കുന്ന കുടിയൊഴിപ്പിക്കൽ വിരുദ്ധ സമരങ്ങൾക്ക് പിന്തുണ നൽകാൻ പി.പി.എസ്.എസ്സിന് കഴിഞ്ഞു. അത്തരം പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്നുണ്ട്. ഒഡീഷയുടെ സ്ഥിതി ഇന്ന് അത്തരത്തിലാണ്. ഒരുപാട് കോർപ്പറേറ്റ് ഭീമന്മാർ 'വികസന പദ്ധതി'കളുമായി കാത്തുനിൽക്കുകയാണ്. പോസ്കോ പിന്മാറിയാലും സമരം തുടരുകയല്ലാതെ മാർഗ്ഗമില്ല.■